# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 12 2023



ശബരിമല പത്രക്കുറിപ്പ് - 5



ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


---

## മകരവിളക്കിന് ഒരുങ്ങി സന്നിധാനം

ഭക്തജനങ്ങൾക്ക് ദർശന സായൂജ്യമേകാൻ മകരജ്യോതി തെളിയാൻ ഇനി മണിക്കൂറുകൾ മാത്രം. ജനുവരി 14 ശനിയാഴ്ചയാണ് മകരവിളക്ക്. ജ്യോതി ദർശനത്തിന് മണിക്കൂറുകൾ ശേഷിക്കേ ശബരിമല അയ്യപ്പസന്നിധിയിൽ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.

വെള്ളിയാഴ്ച നെയ്യഭിഷേകം രാവിലെ 11 മണിക്ക് അവസാനിക്കും. തുടർന്ന് മകരവിളക്കിന് മുന്നോടിയായുള്ള ബിംബ ശുദ്ധിക്രിയകൾ തന്ത്രി കണ്ഠരര് രാജീവരുടെ നേതൃത്വത്തിൽ നടക്കും. 12.30ന് 25 കലശപൂജയും തുടർന്ന് കളഭാഭിഷേകവും നടക്കും.

മകരവിളക്ക് ദിവസം അയ്യപ്പനെ അണിയിക്കാനുള്ള തിരുവാഭരണങ്ങളുമായി പന്തളം കൊട്ടാരത്തിൽനിന്ന് പരമ്പരാഗത പാതയിലൂടെ കാൽനടയായി എത്തുന്ന ഘോഷയാത്രാ സംഘത്തെ ശനിയാഴ്ച വൈകീട്ട് 5.30ന് ശരംകുത്തിയിൽവെച്ച്

സ്വീകരിക്കും. ദേവസ്വം ബോർഡ് നിയോഗിച്ച ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തിരുവാഭരണങ്ങൾ സ്വീകരിച്ച് താള വാദ്യമേളങ്ങളോടെ ക്ഷേത്രത്തിലേക്ക് ആനയിക്കും. തിരുവാഭരണപ്പെട്ടി കൊടിമര ചുവട്ടിൽവെച്ച് ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ, ദേവസ്വം ബോർഡ് പ്രസിഡൻറ് കെ. അനന്തഗോപൻ, ബോർഡ് മെമ്പർ അഡ്വ. എം.എസ് ജീവൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഔദ്യോഗികമായി സ്വീകരിക്കും. തുടർന്ന് ശ്രീകോവിലേക്ക് ആചാരപൂർവം ആനയിക്കും.

6.30ന് അയ്യപ്പന് തിരുവാഭരണങ്ങൾ ചാർത്തി ദീപാരാധന നടക്കും. മകരജ്യോതി ദർശനം ദീപാരാധനയോട് അനുബന്ധിച്ചു നടക്കും. ദീപാരാധനയ്ക്ക് ശേഷം രാത്രി 8.45ന് മകരസംക്രമ പൂജയും നടക്കും. തിരുവിതാംകൂർ കൊട്ടാരത്തിൽനിന്ന് കൊ ുവന്ന നെയ്ത്തേങ്ങ പൊട്ടിച്ച് അഭിഷേകം ചെയ്യും. തുടർന്ന് തിരുവാഭരണങ്ങൾ അണിഞ്ഞുള്ള ദർശനം നടക്കും.

14ന് ഉച്ചയ്ക്ക് 12 മണി വരെ മാത്രമായിരിക്കും ഭക്തർക്ക് ശബരിമല സന്നിധാനത്തേക്ക് പ്രവേശനം. സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും തിരക്ക് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടു ്. മകരജ്യോതി ദർശനത്തിനുള്ള എല്ലാ പോയിന്റുകളിലും ശക്തമായ സുരക്ഷയൊരുക്കിയിട്ടു ്.

(പി.ആർ. ശബരി- 269)

## ഹരിവരാസനം പുരസ്കാരം സമർപ്പണം 14ന്

ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം ജനുവരി 14 ശനിയാഴ്ച രാവിലെ എട്ട് മണിക്ക് ശബരിമല സന്നിധാനം ഓഡിറ്റോറിയത്തിൽവെച്ച് പ്രശസ്ത ഗാനരചയിതാവും സംവിധായകനുമായ ശ്രീകുമാരൻ തമ്പിക്ക് പട്ടികജാതി-പട്ടികവർഗ പിന്നാക്കക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ സമ്മാനിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് അഡ്വ. കെ. അനന്തഗോപന്റെ സ്വാഗതഭാഷണത്തോടെ തുടങ്ങുന്ന ചടങ്ങിൽ പ്രമോദ് നാരായണൻ എംഎൽഎ അധ്യക്ഷനാവും. ആന്റോ ആൻറണി എംപി മുഖ്യാതിഥിയാവും. എംഎൽഎമാരായ കെയു ജനീഷ് കുമാർ, സെബാസ്റ്റിയൻ കുളത്തുങ്കൽ എന്നിവർ വിശിഷ്ട സാന്നിധ്യമാവും. റവന്യു (ദേവസ്വം) സെക്രട്ടറി കെ ബിജു പ്രശസ്തിപത്ര പാരായണം നടത്തും. ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ റിട്ട. ജസ്റ്റിസ് എസ് സിരിജഗൻ, തിരുവിതാകൂർ, കൊച്ചി ദേവസ്വം ബോർഡ് ഓംബുഡ്സ്മാൻ റിട്ട. ജസ്റ്റിസ് പി ആർ രാമൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ അഡ്വ.

എംഎസ് ജീവൻ, ദേവസ്വം ബോർഡ് കമ്മീഷണർ ബിഎസ് പ്രകാശ്, റാന്നി പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി എസ് മോഹനൻ, ശബരിമല സ്പെഷൽ കമ്മീഷണർ എം മനോജ്, ശബരിമല എഡിഎം പി വിഷ്ണുരാജ്, പുരസ്കാര നിർണയ സമിതി ചെയർപേഴ്സൻ പാൽക്കുളങ്ങര കെ. അംബികാദേവി എന്നിവർ സംസാരിക്കും.

(പി.ആർ. ശബരി- 270)

